**File No ADP-MPM/93/2020-A3**

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കര്യാലയം
സിവിൽ സ്റ്റേഷൻ,മലപ്പുറം-676505
ഫോൺ 0483273438
തീയതി-03/03/2020

**ക്വട്ടേഷൻ പരസ്യം**

മലപ്പുറം ജില്ലയിലെ ഗ്രാമ പഞ്ചായത്തുകളിൽ കടിവെള്ള വിതരണത്തിനായി ഉപയോഗിക്കുന്ന ടാങ്കർ ലോറി/മറ്റ് വാഹനങ്ങൾ എന്നിവയിൽ ജി പി എസ്സ് സംവിധാനം ഘടിപ്പിച്ച് നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് പരിചയ സമ്പന്നരായ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.ജി.പി.എസ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഒരു മാസത്തേക്കുള്ള നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.ജില്ലാ ഓഫീസിലും,കളക്ടേറ്റിലും പഞ്ചായത്തിലും കടിവെള്ള വിതരണം നിരീക്ഷിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പേര് ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നതായിരിക്കുന്നതായിരിക്കും.ഈ സ്ഥാപനവുമായി നിയമാനുസരണമുള്ള കരാറിൽ ഏർപ്പെടുന്നതും ജി.പി എസ് അനുവദിക്കുന്നതിനുള്ള തുക അനുവദിക്കുന്നതും ഈ സംവിധാനം ഉപയോഗപ്പെടുത്തുന്ന ഗ്രാമ പഞ്ചായത്തുകൾ ആയിരിക്കും .ഈ മേഖലയിൽ പരിചയ സമ്പന്നതയുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ് ആയത് സംബന്ധിച്ച രേഖകൾ ക്വട്ടേഷനൊപ്പം സമർപ്പിക്കാവുന്നതാണ്.

മലപ്പുറം സിവിൽ സ്റ്റേഷനിലുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിൽ 10/03/2020 ന് 5 പി എം നകം ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്.ലഭ്യമാകുന്ന ക്വട്ടേഷനുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ അന്നേ ദിവസം 5 പി എം ന് സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ്.ഈ ക്വട്ടേഷന് നിലവിലുള്ള സർക്കാർ ഉത്തരവുകളും വ്യവസ്ഥകളും ബാധകമാകുന്നതാണ്.10/03/2020 ന് അവധി ആയിരിക്കുന്ന പക്ഷം തുടർ നടപടികൾ തൊട്ടടുത്ത പ്രവർത്തി ദിവസം നടത്തുന്നതായിരിക്കും

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
(ഒപ്പ്)
മലപ്പുറം

Scanned by CamScanner